# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **880** — **03/12/2014**-ൽ മറുപടിക്ക്

# ചുള്ളിയാർ ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട, കോല്ലങ്കോട് ഗ്രാമപഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ചുള്ളിയാർ ഡാം ജലസ്രോതസ്സായ കുടിവെള്ള പദ്ധതിയുടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, വടവന്നൂർ, പല്ലശ്ശേന ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പുതുതായി 12.50 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ നിന്ന് ഈ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. നിലവിലുള്ള മീങ്കര കുടിവെള്ള പദ്ധതിയുടെ അപാകതകൾ പരിഹരിക്കുന്നതിനും ചുള്ളിയാർ ഡാം സ്രോതസ്സായി ഈ പഞ്ചായത്തുകളിലെല്ലാം ജല വിതരണം ലഭ്യമാക്കുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്പോഴത്തെ നിരക്ക് പ്രകാരം |

| | | | |
|---|---|---|---|
| | | | 34.00 കോടി രൂപയാണ് പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ പമ്പിംഗ് മെയിനുകളുടെ സർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി അടിയന്തിരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതിയുടെ വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/